ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15-12-2025

പ്രധാന വാർത്തകൾ

TIME : 07.25 PM

1. 'വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ' പാർലമെന്റിന്റെ സംയുക്ത സമിതിക്ക് വിട്ട് ലോക്സഭ. 2025 ലെ റദ്ദാക്കൽ, ഭേദഗതി ബിൽ ലോകസഭയിൽ അവതരിപ്പിച്ചു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ ചർച്ച ചെയ്ത് രാജ്യസഭ.

   **Lok Sabha refers 'Vikasit Bharat Shiksha Adhisthan Bill' to Joint Committee of Parliament. Repeal and Amendment Bill, 2025 introduced in Lok Sabha. Rajya Sabha discusses electoral reforms.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ച നീളുന്ന കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനത്തിന് നാളെ തുടക്കം.

   **President Draupadi Murmu's week-long visit to Karnataka, Tamil Nadu and Telangana begins tomorrow.**

3. ത്രിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി ജോർദാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്പ്. എത്യോപ്യ, ഒമാൻ എന്നീ രാജ്യങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും.

   **Prime Minister Narendra Modi receives warm welcome in Jordan as part of tri-nation tour. Prime Minister will also visit Ethiopia and Oman.**

4. 2025-26 സാമ്പത്തിക വർഷത്തെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി കേരളത്തിലെ ത്രിതലപഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ 260.20 കോടി രൂപ അനുവദിച്ചു.

**Central government has allocated Rs 260.20 crore to three-tier panchayats in Kerala as the first installment of the 15th Finance Commission Grant for the financial year 2025-26.**

5. **കേരളത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

   **State Election Commissioner says that the Model Code of Conduct has been withdrawn in Kerala.**

6. **തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വീടു തോറുമുള്ള വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും.**

   **Door-to-door data collection as part of the S.I.R will end on Thursday.**

**&&&&&&&&&&&&&&&&**

## PARLIAMENT PROCEEDINGS (INTRO)

വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ കൂടുതൽ പരിശോധനയ്ക്കായി പാർലമെന്റിന്റെ സംയുക്ത സമിതിക്ക് വിട്ട് ലോക്സഭ. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ അവതരിപ്പിച്ച ബില്ലിനെ പ്രതിപക്ഷം എതിർത്തു. നിരവധി എംപിമാർ ബില്ലിൽ വിശാലമായ ചർച്ച വേണമെന്ന് കാര്യോപദേശക സമിത യോഗത്തിൽ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് സംയുക്ത സമിതിക്ക് ബിൽ വിടുന്നതെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. കമ്മിറ്റിയിലേക്ക് അംഗങ്ങളെ നിർദേശിക്കാൻ ശ്രീ റിജിജു സ്പീക്കറോട് അഭ്യർത്ഥിച്ചു. അദ്ധ്യാപനം, പഠനം, ഗവേഷണം, നവീകരണം എന്നിവയിൽ മികവ് കൈവരിക്കുന്നതിന് സർവകലാശാലകളെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നതാണ് ബിൽ. 2025 ലെ റദ്ദാക്കൽ, ഭേദഗതി ബിൽ നിയമ-നീതിന്യായ മന്ത്രി അർജുൻ റാം മേഘ്വാൾ ലോകസഭയിൽ അവതരിപ്പിച്ചു. കാലഹരണപ്പെട്ട ചില

നിയമങ്ങൾ റദ്ദാക്കുന്നതും മറ്റ് ചില നിയമങ്ങൾ ഭേദഗതി ചെയ്യുന്നതും വ്യവസ്ഥ ചെയ്യുന്നതാണ് ബിൽ. അതിനിടെ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് രണ്ട് തവണ നടപടി തടസപ്പെട്ടിരുന്നു.

**വിശദാംശ ങ്ങളിലേ ക്ക്....**

*(വോയിസ്)*

*പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായ കോൺഗ്രസ് പരാമർശത്തിൽ മാപ്പ് പറയണമെന്ന് കേന്ദ്രമന്ത്രിമാരും മറ്റ് ബിജെപി അംഗങ്ങളും ആവശ്യപ്പെട്ടതിനെ തുടർന്ന് ഇരുസഭകളും 12 മണി വരെ നിർത്തിവച്ചു. പിന്നീട് വീണ്ടും ചേർന്നെങ്കിലും ബഹളം തുടർന്നതോടെ ലോക്സഭ രണ്ടു മണി വരെ നിർത്തിവെക്കേണ്ടി വന്നു. തുടർന്ന് ഇരുസഭകളിലും നടപടികൾ പുനരാരംഭിക്കുകയായിരുന്നു. ഉദ്യം പോർട്ടലിലൂടെ ഏഴ് കോടിയിലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, രാജ്യത്തുടനീളം ഏകദേശം 31 കോടി ജനങ്ങൾക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും മന്ത്രി ജിതൻ റാം മാഞ്ചി. രാജ്യസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.*

*(ഹോൾഡ് ജിതിൻ റാം മ ഞ്ചി വോയിസ്)*

*ആണവോർജ വികസനം ലക്ഷ്യമിട്ടുള്ള പ്രത്യേക ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. ആണവോർജ മന്ത്രാലയത്തിന്റെ ചുമതലയുള്ള കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്രസിങ് ആണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. പ്രതിപക്ഷം ബിൽ അവതരണത്തിനെതിരെ പ്രതിഷേധിച്ചു 2025-26 ലെ ആദ്യ ബാച്ചിലെ ഗ്രാന്റിനായുള്ള ഉപധനാഭ്യാർത്ഥനകളിലാണ് ലോക്സഭ ഇന്ന് ചർച്ച നടത്തിയത്. ഒരു ലക്ഷത്തി 32 ആയിരം കോടി രൂപയുടെ ധനാഭ്യാർത്ഥനകളാണ് പാർലമെന്റിന്റെ*

*അംഗീകാരത്തിനായി മുന്നോട്ടുവെച്ചത്. സമാജ്‌വാദി, തൃണമൂൽ കോൺഗ്രസ്, ടിഡിപി, കോൺഗ്രസ്സ് അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ സംബന്ധിച്ച ചർച്ചയാണ് രാജ്യസഭയിൽ നടന്നത്. എഐഎഡിഎംകെ, വൈ എസ്ആർസിപി, ആർ ജെ ഡി, ജെഡിഎസ്, ബിആർഎസ്, JDU, ശിവസേന, സമാജ്‌വാദി കക്ഷികളുടെ പ്രതിനിധികൾ സംസാരിച്ചു. രാവിലെ പാർലമെന്റിന് പുറത്ത് കേരളത്തിൽ നിന്നുള്ള യുഡിഎഫ് എംപിമാർ പ്രതിഷേധിച്ചു. ശബരിമല സ്വർണപാളി വിഷയത്തിൽ കേന്ദ്രഏജൻസി അന്വേഷണം ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.*

*ന്യൂസ് ഡസ്ക് ആകാശവാണി...*

*******************************

## PM- THREE NATION VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ജോർദാൻ തലസ്ഥാനമായ അമ്മാനിലെത്തി. ജോർദാൻ പ്രധാനമന്ത്രി അദ്ദേഹത്തിന് ആചാരപരമായ വരവേൽപ്പ് നൽകി. 37 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ജോർദാനിലെത്തുന്നത്. ആദ്യ ഘട്ടത്തിൽ ജോർദാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി അബ്ദുള്ള രാജാവുമായും പ്രധാനമന്ത്രി ജാഫർ ഹസ്സനുമായും കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ശ്രീ മോദി എത്യോപ്യ, ഒമാൻ എന്നീ രാജ്യങ്ങളും സന്ദർശിക്കും.

*******************************

## PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ച നീളുന്ന കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനത്തിന് നാളെ തുടക്കം. മറ്റന്നാൾ വെല്ലൂർ സുവർണ ക്ഷേത്രം സന്ദർശിക്കുന്ന രാഷ്ട്രപതി പിന്നീട് ശൈത്യകാല വാസത്തിനായി സെക്കന്ദരാബാദിലെ രാഷ്ട്രപതി നിലയത്തിലെത്തും. PSC അധ്യക്ഷന്മാർക്കായി വെള്ളിയാഴ്ച നടക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

**************************

## GRANTS-KERALA LOCAL BODY

2025-26 സാമ്പത്തിക വർഷത്തെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി കേരളത്തിലെ ത്രിതലപഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ 260.20 കോടി രൂപ അനുവദിച്ചു. സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 941 ഗ്രാമപഞ്ചായത്തുകൾക്കുമാണ് ഈ തുക അനുവദിച്ചതെന്ന് പഞ്ചായത്തിരാജ് മന്ത്രാലയം അറിയിച്ചു. സാമ്പത്തിക വർഷത്തിൽ രണ്ട് ഗഡുക്കളായാണ് ഫണ്ട് അനുവദിക്കുന്നത്.

**************************

## PRESIDENT-WB REJECT

പശ്ചിമബംഗാളിലെ സർവകലാശാലകളിൽ ഗവർണർക്ക് പകരം മുഖ്യമന്ത്രിയെ ചാൻസലറായി നിയമിച്ചുകൊണ്ട് പശ്ചിമ ബംഗാൾ നിയമസഭ പാസാക്കിയ ഭേദഗതി ബിൽ രാഷ്ട്രപതി ദ്രൗപതി മുർമു തള്ളി. സംസ്ഥാന നിയമസഭ പാസാക്കിയ ബിൽ ഗവർണർ സി. വി. ആനന്ദ ബോസിന്റെ പരിഗണനക്കായി അയച്ചിരുന്നു. എന്നാൽ ഗവർണർ 2024 ഏപ്രിൽ 20-ന് ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി

വിടുകയായിരുന്നു. വിശദമായ പരിശോധനക്ക് ശേഷമാണ് രാഷ്ട്രപതിയുടെ തീരുമാനം. ആലിയ സർവകലാശാലയുടെ ചാൻസലർ ആയി ഗവർണർക്ക് പകരം മുഖ്യമന്ത്രിയെ നിയമിക്കുന്ന മറ്റൊരു ബില്ലും രാഷ്ട്രപതി നിരസിച്ചു.

***************************

## LSGE-CODE OF CONDUCT

കേരളത്തിൽ മാതൃകാ പെരുമാറ്റചട്ടം പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. തദ്ദേശ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് നവംബർ 10 മുതലായിരുന്നു മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഡിസംബർ 21 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. അതേസമയം, സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കാനുള്ള മലപ്പുറം ജില്ലയിലെ മൂത്തേടം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിലും പെരുമാറ്റചട്ടം നിലനിൽക്കും.

***************************

## LSGE - EXPENDITURE

തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ ചെലവ് കണക്കുകൾ 2026 ജനുവരി 12ന് മുൻപ് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദ്ദേശിച്ചു. മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകമാണ് അതത് തദ്ദേശ സ്ഥാപന

സെക്രട്ടറിമാർക്ക് കണക്ക് നൽകേണ്ടത്. അതേസമയം, തെരഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്നും നിർദേശമുണ്ട്. അല്ലാത്തപക്ഷം, തദ്ദേശസ്ഥാപനങ്ങൾ ഇവ നീക്കം ചെയ്ത്, സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കമ്മീഷണർ അറിയിച്ചു.

***************************

## SIR (INTRO)

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വീടു തോറുമുള്ള വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും. വോട്ടർ പട്ടികാ പരിഷ്ക്കരണ ജോലികളുടെ പുരോഗതി വിലയിരുത്താനായി ഇന്നു തിരുവനന്തപുരത്ത് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചിരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

***************************

## GOVERNMENT - HAJJ ADVISORY

2026 ലെ ഹജ്ജ് തീർത്ഥാടനത്തിനായി വളരെ നേരത്തെ തന്നെ അപേക്ഷിക്കാനും, അംഗീകൃത സംഘാടകരെ മാത്രം തിരഞ്ഞെടുക്കാനും ശ്രദ്ധിക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം. അവസാന നിമിഷത്തെ തിരക്ക് ഒഴിവാക്കുന്നതിനായി അടുത്ത മാസം 15 നു മുൻപായി ബുക്കിംഗ് നടപടിക്രമം പൂർത്തീകരിക്കണമെന്നും മന്ത്രാലയം അറിയിച്ചു.

**************************

## AIR POLLUTION- REVIEW MEETING

അന്തരീക്ഷ മലിനീകരണം പ്രതിരോധിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗരങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവ്. ഗാസിയാബാദിലെയും നോയിഡയിലെയും വായു മലിനീകരണം നിയന്ത്രിക്കുന്നതിനായി ലക്ഷ്യമിട്ടുള്ള കർമ്മ പദ്ധതികളുടെ അവലോകനയോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം, ഡൽഹിയിലെ വായു മലിനീകരണം തടയുന്നതിന് പൊതുജനപ്രതിനിധികളുടെയും പൗരന്മാരുടെയും പങ്കാളിത്തം കൂടി തേടണമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

**************************

## ANNOUNCEMENT

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗത്തിന്റെ പ്രത്യേക വാർത്താബുള്ളറ്റിനുകൾ പ്രക്ഷേപണം തുടങ്ങി. മറ്റ് വാർത്താ ബുള്ളറ്റിനുകൾക്ക് പുറമെയാണിത്. രാവിലെ 11 മണിക്കും വൈകിട്ട് മൂന്ന് മണിക്കും അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകളാണ് ശ്രോതാക്കളിലേക്ക് എത്തിക്കുന്നത്. രാത്രി 8.35 നുള്ള പ്രത്യേക വാർത്താ ബുള്ളറ്റിൻ ഇനി മുതൽ 10 മിനിറ്റായിരിക്കും.

*

**********

********************************************